## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5148.** **23.03.2018 ൽ മറുപടിയ്ക്ക്**

## സംസ്ഥാന ലഹരി വർജ്ജന മിഷന്റെ പ്രധാന പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.കെ.ശശി | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | വിമുക്തി എന്ന കേരള സംസ്ഥാന ലഹരി വർജ്ജന മിഷന്റെ പ്രവർത്തനം ഫലപ്രദമാക്കാനായി നൽകുന്ന സഹായങ്ങളും തുടർ പ്രവർത്തനങ്ങളും ഉൾപ്പെടെ സർക്കാർ പങ്കാളിത്തം വ്യക്തമാക്കുമോ; | (എ) | ലഹരിമുക്ത കേരളം എന്ന ലക്ഷ്യം മുന്നിൽ കണ്ട് രൂപീകരിച്ചിട്ടുളളതാണ് "വിമുക്തി" മിഷൻ. കേരള സംസ്ഥാന എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിലാണ് വിമുക്തി മിഷൻ പദ്ധതികൾ നടപ്പിലാക്കുന്നത്. സംസ്ഥാനത്തുടനീളം വ്യത്യസ്തമായ രീതികളിൽ ലഹരിവിരുദ്ധ സന്ദേശ പ്രചരണങ്ങൾ വിമുക്തി മിഷൻ നടത്തിവരുന്നുണ്ട്. ലഹരിവിരുദ്ധ സന്ദേശങ്ങൾ പകർന്നു നൽകുന്ന തെരുവ് നാടകങ്ങൾ, മാജിക് ഷോകൾ, കയ്യുറ പാവനാടകം, കിറ്റി ഷോ എന്നിങ്ങനെ വിവിധങ്ങളായ കലാരൂപങ്ങൾ അവതരിപ്പിച്ചു വരുന്നു. ലഹരിക്കെതിരെ 'കായിക ലഹരി' എന്ന സന്ദേശം പ്രചരിപ്പിക്കുവാൻ സ്പോർട്സ് കൗൺസിലിന്റെയും, മറ്റ് സ്പോർട്സ് അസോസിയേഷനുകളുടെയും സഹകരണത്തോടെ യുവ ജനങ്ങൾക്കും വിദ്യാർത്ഥികൾക്കുമായി കായിക മത്സരങ്ങളും നടത്തി വരുന്നു. ആദിവാസി തീരദേശ പിന്നോക്ക മേഖലകളിൽ പ്രത്യേക ശ്രദ്ധ ചെലുത്തി ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പി |

| | | | |
|---|---|---|---|
| | | | ക്കുന്നു. ഒപ്പം ലഹരിയ്ക്ക് അടിമകളായ വരെ സാധാരണ ജീവിതത്തിലേക്ക് മടക്കിക്കൊണ്ടു വരുന്നതിനായിട്ടുള്ള പുനരധിവാസ പ്രവർത്തനങ്ങളും ഈ പദ്ധതിയുടെ ഭാഗമായി ചെയ്തു വരുന്നു. |
| (ബി) | ഇവരുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ലഹരിക്കടിമപ്പെട്ട എത്ര പേർക്ക് ചികിത്സ നൽകി; | (ബി) യും (സി) യും | വിമുക്തിയുടെ ഭാഗമായി ഡി- അഡിക്ഷൻ ചികിത്സകൾ ആരംഭിച്ചിട്ടില്ല. എന്നാൽ ഇതിന്റെ ഭാഗമായി ആരോഗ്യവകുപ്പുമായി സഹകരിച്ചു കൊണ്ട് സംസ്ഥാനത്തെ 14 ജില്ലകളിലും ജില്ലാ/ താലൂക്ക് ആശുപത്രികളോട് അനുബന്ധിച്ച് ഡി-അഡിക്ഷൻ സെൻററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കൂടാതെ കോഴിക്കോട് അന്താരാഷ്ട്ര നിലവാരമുള്ള ഒരു ഡീ-അഡിക്ഷൻ സെന്റർ തുടങ്ങുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു. |
| (സി) | എത്ര പേരെ സാധാരണ നിലയിലേക്ക് കൊണ്ടുവരാൻ കഴിഞ്ഞു; വിശദാംശം ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ